പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 906 — 11.06.2014 ലെ മറുപടിക്ക്

## സ്വയംപര്യാപ്ത ഗ്രാമം പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം.എ.ബേബി<br>ശ്രീ. ബി. സത്യൻ<br>ശ്രീ.പി. രാമകൃഷ്ണൻ<br>ശ്രീ. വി.റ്റി. എ. റഹീം | | ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | സ്വയംപര്യാപ്തഗ്രാമം പദ്ധതിയുടെ വിശദാംശം അറിയിക്കാമോ ; | (എ) | 2009-10 ലെ കിലയുടെ സർവ്വേ റിപ്പോർട്ട് പ്രകാരം അൻപതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന കോളനികളുടെ സമഗ്രവികസനത്തിനായിട്ടാണ് 'സ്വയംപര്യാപ്ത ഗ്രാമം' എന്ന പദ്ധതി നടപ്പിലാക്കി വരുന്നത്. 2012-13 സാമ്പത്തിക വർഷം തെരഞ്ഞെടുത്ത 120 കോളനികളിൽ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. 2013-14 സാമ്പത്തിക വർഷം തെരഞ്ഞെടുത്ത 102 കോളനികളിൽ പദ്ധതി പ്രാരംഭ ഘട്ടത്തിലാണ്. കോളനിയുടെ സമഗ്രവികസനം ലക്ഷ്യമാക്കിയുള്ള അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളാണ് ടി പദ്ധതി പ്രകാരം ചെയ്യുന്നത്. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം ഇതുവരെ എത്ര പട്ടികജാതി കോളനികൾ നവീകരിച്ചു എന്നറിയിക്കാമോ ; | (ബി) | 2012-13 സാമ്പത്തിക വർഷം തെരഞ്ഞെടുത്ത, കൊല്ലം ജില്ലയിലെ നിലയ്ക്കൽ കോളനിയിൽ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി കോളനികളിൽ പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |
| (സി) | പ്രസ്തുത പദ്ധതി ലക്ഷ്യം നേടിയോ; ഇല്ലെങ്കിൽ അതിന്റെ കാരണം വിശകലനം ചെയ്തിട്ടുണ്ടോ; | (സി) | പട്ടികജാതി കോളനികളുടെ സമഗ്രവികസനം ലക്ഷ്യമിട്ട് അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ ഒരു കോടി രൂപയിൽ പരിമിതപ്പെടുത്തി ചെയ്തുവരുന്നു. എന്നാൽ ചില കോളനികളിൽ വികസന പ്രവർത്തനങ്ങൾ തീരുമാനിക്കുന്നത് സംബന്ധിച്ച് ഉണ്ടായിട്ടുള്ള തർക്കങ്ങൾ പദ്ധതിയുടെ പുരോഗതിയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. |
| (ഡി) | ബജറ്റിൽ കഴിഞ്ഞ രണ്ടു വർഷങ്ങളിൽ ഇതിനായി നീക്കിവച്ചിരുന്ന തുകയും ചെലവഴിച്ച തുകയും എത്രയാണെന്നറിയിക്കാമോ? | (ഡി) | 2012-13 സാമ്പത്തിക വർഷം ഡയറക്ടറുടെ പേരിലുള്ള TSB അക്കൗണ്ടിൽ 30 കോടി രൂപ നിക്ഷേപിച്ചിട്ടുള്ളതിനു പുറമെ ആദ്യഘട്ടത്തിൽ കോളനികൾക്ക് ഒന്നാം ഗഡുവായി 28.50 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.<br>2013-14 സാമ്പത്തിക വർഷം, രണ്ടാം ഘട്ടത്തിൽ തെരഞ്ഞെടുത്ത കോളനികളുടെ ആദ്യഗഡുവായി 19,89,82,467/-രൂപയും 2012-13 സാമ്പത്തിക വർഷം തെരഞ്ഞെടുത്ത ഒന്നാം ഘട്ട കോളനികളുടെ രണ്ടാം ഗഡുവായി 21,75,00,000/-രൂപയും ചേർത്ത് ആകെ 41,64,82,467/-രൂപ 2013-14 ൽ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ